KERALA LEGISLATIVE ASSEMBLY 437

എട്ടണ സ്റ്റൈപെൻഡ്സ് നിറുത്തിയതിനെ തിരിയെ കൊട്ടേണമെന്നപേക്ഷിച്ചുകൊണ്ട് വല്ല മെമ്മോറിയലൊ ഹർജികളൊ കഴിഞ്ഞ കന്നി സംവത്സരക്കു മുമ്പായി ഗവർമ്മേണ്ടിന് കിട്ടീട്ടുണ്ടൊ?

അങ്ങനെ കിട്ടീട്ടുണ്ടെങ്കിൽ അവ സമർപ്പിച്ചവരുടെ വല്ല സംഘങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടാണെങ്കിൽ ആ സംഘങ്ങളുടെ പേരും മറ്റും വിവരിക്കുന്ന ഒരു കണക്ക് മേശപ്പുറത്തു വെക്കുവാൻ കനിവുണ്ടാകുമോ?

മസ്റ്റർ സി. മത്തയി.—ഉവ്വ്.

(ക) മാനേജർ, ഹിദായത്തുൽ ഇസ്ലാം സ്കൂൾ, എടവനക്കാട് (ഖ) സെക്രട്ടറി, യൊംഗ്മെൻസ് മുസ്ലീം അസ്സോസിയേഷൻ, അഴീക്കോട്. (ഗ) സെക്രട്ടറി, കൊച്ചിൻ മുസ്ലീം എഡുക്കേഷനൽ സൊസൈറ്റി, അഴീക്കോട്.

Muslim member in the Text-Book Committee.

247. മസ്റ്റർ.പി. കുഞ്ഞുമുഹമ്മദ്.—ഗവർമ്മേണ്ടു പാഠപുസ്തകക്കമ്മിറ്റിയിൽ ഒരു മുസ്ലീം മെമ്പറെ കൂടി നിയമിക്കുന്ന വിഷയത്തിൽ ഗവർമ്മേണ്ടിന്റെ ദയാദൃഷ്ടി പതിയുമൊ?

മസ്റ്റർ സി. മത്തായി.—തക്കതായ ഒരു മുസ്ലീം മെമ്പറെ നിയമിക്കുന്നതിൽ ഗവർമ്മേണ്ടിന് വിരോധമില്ല. എന്നാൽ വർഗ്ഗീയപ്രാതിനിധ്യം അനുസരിച്ചല്ല ഈ കമ്മിറ്റിയെ നിർമ്മിക്കുന്നതു്.

Muslim=Muhammadans.

248. മസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—മുസ്ലീമുകളെ മുഹമ്മദീയർ എന്നും മറ്റും സംബോധന ചെയ്യുന്നതിൽ ഉള്ള അനൌചിത്യത്തെ ഗവർമ്മേണ്ടു ധരിച്ചിട്ടുണ്ടൊ;

മുസ്ലീമുകളെ ഗവർമ്മേണ്ടു രേഖകളിലെല്ലാം "മുസ്ലീം" എന്നതന്നെ ചേർക്കേണമെന്നു ഒരു സർക്കുലർ ഗവർമ്മേണ്ടു സദയം പ്രസിദ്ധീകരിക്കുമൊ?

റാവു സാഹിബ് മിസ്റ്റർ ടി. വി. കുട്ടിരാമയ്യർ.— പ്രസ്തുത അനൌചിത്യത്തെ പറ്റി ചിന്തിക്കുന്നതിന് സന്ദർഭം നേരിട്ടിട്ടില്ലെന്നു വരികിലും ഇങ്ങനെ ഒരു സർക്കുലർ പ്രസിദ്ധീകരിക്കുന്നതിന് ഗവർമ്മേണ്ടിന് വിരോധമില്ലാത്തതും അപ്രകാരം ചെയ്യുന്നതുമാണ്.

A Residential school for the children of the depressed classes.

249. Mr. K. T. Mathew. —Will the Government be pleased to inform whether enquiries have been made to ascertain that there is a Residential School for the children of the so-called depressed classes in Pudukkotta, and if there is such a school, whether the Government will make early arrangement for starting a similar one in our State, and whether the correspondence that took place in making the enquiries will be placed on the table?

LIBRARY ARCHIVES Kerala Legislative Assembly